ഉത്തരം

(എ) (1) പത്തനംതിട്ട (2) തൃശൂർ

(ബി) പത്തനംതിട്ട ജില്ലയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ അന്വേഷണവിധേയമായി സസ്പെന്റ് ചെയ്യുകയും അച്ചടക്കനടപടികൾ തുടരുന്നതിന് വിധേയമായി 3 വർഷത്തിനുശേഷം സർവീസിൽ തിരികെ പ്രവേശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തൃശൂർ ജില്ലയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുത്തുവരുന്നു.

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽ കർശനവും മാതൃകാപരവുമായ ശിക്ഷാനടപടികളാണ് സ്വീകരിച്ചു പോരുന്നത്.

എക്സൈസ് വകുപ്പിലെ ഡിസിപ്ലിനറി ആക്ഷൻ കേസുകൾ

41 (996)ശ്രീ. വി.ജെ. പൗലോസ് :

ശ്രീ. കെ. മുഹമ്മദാലി :

ശ്രീ. പി.ജെ ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ ഗസറ്റഡ് ഉദ്യോഗസ്ഥന്മാർക്കെതിരെ എത്ര ഡിസിപ്ലിനറി ആക്ഷൻ കേസ്സുകൾ തീർപ്പാക്കാതെയുണ്ട്;

(ബി) അസിസ്റ്റന്റ് കമ്മീഷണർ പദവിയിലും അതിന്റെ മുകളിലുള്ള പദവിയിലുമുള്ള ആരുടെയെല്ലാം പേരിൽ ഡിസിപ്ലിനറി കേസ്സുകൾ നിലവിലുണ്ട്;

(സി) ഒന്നിലധികം കേസുകൾ നിലവിലുള്ള എത്ര പേർ ഇവരിലുണ്ടെന്നും അത്തരക്കാരിൽ ഓരോരുത്തർക്കുമെതിരെ എത്ര കേസുകളുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിൽ കേസുള്ളവരെ പ്രൊമോട്ടു ചെയ്യരുതെന്ന് വകുപ്പിലെ സീനിയർ ഉദ്യോഗസ്ഥർ ഗവൺമെന്റിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത്തരം റിപ്പോർട്ടുകളെ അവഗണിച്ച് ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം ആർക്കെല്ലാം പ്രൊമോഷൻ നൽകിയിട്ടുണ്ടെന്ന് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 42 (നാല്പത്തിരണ്ട്) കേസുകൾ തീർപ്പാക്കാതെയുണ്ട്.

(ബി) 10 പേരുടെ പേരിൽ നടപടി തുടർന്നു വരുന്നു.

(1) ശ്രീ. എം.കെ. അശോകൻ (അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ)

(2) ശ്രീ. സി.ജെ. നാണു ''

(3) ശ്രീ. റ്റി.ഐ. ജോർജ്ജ് ''

(4) ശ്രീ. എൻ.കെ. കനകരാജൻ ''

(5) ശ്രീ. ഗണപതി അയ്യർ ''

(6) ശ്രീ. എം. രാധാകൃഷ്ണൻ നായർ'' (റിട്ടയേർഡ്)

LIBRARY ARCHIVES Kerala Legislative Assembly

(7) ശ്രീ. സി.എം. കുഞ്ഞഹമ്മദ് ''

(8) ശ്രീ. അബ്ദുൽ സലാം ''

(9) ശ്രീ. കെ.എ. ബാലൻ (സീനിയർ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ)

(10) ശ്രീ. ആർ. ദിനകരൻ (ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ)

(സി) 5 (അഞ്ച്) പേരുടെ പേരിൽ ഒന്നിലധികം കേസുകൾ നിലവിലുണ്ട്.

(1) ശ്രീ. സി.ജെ. മാത്യു, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ (3 കേസുകൾ)

(2) ശ്രീ. എൻ.കെ. കനകരാജൻ '' (3 കേസുകൾ)

(3) ശ്രീ. എം.കെ. അശോകൻ '' (2 കേസുകൾ)

(4) ശ്രീ. അബ്ദുൽ സലാം '' (2 കേസുകൾ)

(5) ശ്രീ. കെ.എ. ബാലൻ '' (3 കേസുകൾ)

(ഡി) ഇല്ല. അച്ചടക്കനടപടിക്ക് വിധേയമായിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ കേസുകൾ ഡി.പി.സി. പരിശോധിച്ച ശേഷമാണ് ഗവണ്മെന്റിൽ റിപ്പോർട്ട് ചെയ്തത്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

എക്സൈസ് ഉദ്യോഗസ്ഥന്മാരുടെ സ്വത്തു വിവരങ്ങൾ

42 (997) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എക്സൈസ് ഉദ്യോഗസ്ഥർ വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എക്സൈസ് ഇൻസ്പെക്ടർമാരും സർക്കിൾ ഇൻസ്പെക്ടർമാരും വാർഷിക പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റ് നൽകാറുണ്ടോ;

(സി) ഉണ്ടെങ്കിൽ കഴിഞ്ഞ അഞ്ചു കൊല്ലക്കാലത്തേയ്ക്ക് എത്ര എക്സൈസ് ഇൻസ്പെക്ടർമാർ സ്വന്തം പേരിലോ ഭാര്യയുടെ പേരിലോ കുട്ടികളുടെ പേരിലോ സ്ഥാവര സ്വത്ത് സമ്പാദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) എക്സൈസ് വകുപ്പിൽ വിജിലൻസ് വിഭാഗം പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എക്സൈസ് ഇൻസ്പെക്ടർമാർ നൽകിയ പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റും അവരുടെ യഥാർത്ഥ സ്വത്തും തമ്മിൽ യോജിപ്പുണ്ടോ എന്ന് പരിശോധിക്കുമോ?

ഉത്തരം

(എ) ഉണ്ട്. എട്ട് എക്സൈസ് ഉദ്യോഗസ്ഥന്മാർ വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചിട്ടുള്ളതായി ആരോപണമുണ്ടായതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് വിഭാഗം അന്വേഷണം നടത്തി വരികയാണ്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly